**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 567** **26.04.2017-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന സഹകരണ ബാങ്കും പതിനാല് ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | സംസ്ഥാന സഹകരണ ബാങ്കും പതിനാല് ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകരണത്തെക്കുറിച്ച് വിശദ പഠനം നടത്തുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | കേരള ബാങ്കിന്റെ സാധ്യതകളും പ്രശ്നങ്ങളും പഠിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ഇതിനകം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; | (സി) | ഇല്ല. പ്രസ്തുത സമിതിയിലെ അംഗങ്ങൾ ചുവടെ ചേർക്കുന്നവരാണ്.<br>1. ശ്രീ. എം.എസ്.ശ്രീറാം, പ്രൊഫസർ, ഐ.എ.എം. ബാംഗ്ലൂർ - ചെയർമാൻ<br>2. ശ്രീ. വി.എസ്. സെന്തിൽ ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം.<br>3. ശ്രീ. സി.പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ് - അംഗം<br>4. ശ്രീ. റ്റി.പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്) യൂണിയൻ ബാങ്ക് - അംഗം |

| | | | |
|---|---|---|---|
| | | | 5. ശ്രീ. പി. വേണുഗോപാൽ ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി |
| (ഡി) | റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്നാണ് കരുതുന്നത് എന്നറിയിക്കാമോ? | (ഡി) | റിപ്പോർട്ട് 2017 ഏപ്രിൽ മാസം അവസാനിക്കുന്നതിന് മുൻപ് ലഭ്യമാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ